**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5647** **24-03-2025 - ൽ മറുപടിയ്ക്ക്**

**നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | 1999-ൽ ശ്യാം സുന്ദരൻ നായർ ചെയർമാനായ പാഡി എക്സ്പേർട്ട് കമ്മിറ്റി സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിലെ 37-ാം നമ്പർ നിർദ്ദേശ പ്രകാരം കേന്ദ്രസർക്കാർ നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിക്കുമ്പോൾ 150 ശതമാനം സംസ്ഥാന സർക്കാരും വർദ്ധിപ്പിക്കണമെന്ന നിർദ്ദേശം നടപ്പാക്കിവരുന്നുണ്ടോ; വിശദമാക്കാമോ; | (എ) | കേന്ദ്ര സർക്കാരിന്റെ വികേന്ദ്രീകൃത ധാന്യ സംഭരണ പദ്ധതി പ്രകാരം കർഷകരിൽ നിന്ന് നെല്ല് സംഭരിക്കുന്നതിന് 2005 മുതൽ മാത്രമാണ് സംസ്ഥാന സർക്കാർ നോഡൽ ഏജൻസിയായി സപ്ലൈകോയെ ചുമതലപ്പെടുത്തിയത്. സപ്ലൈകോയുടെ മേൽനോട്ടത്തിൽ, കർഷകരുടെ കൃഷിയിടത്തിൽ നിന്ന് നെല്ല് സംഭരിച്ച്, കരാറിലേർപ്പെട്ടിട്ടുള്ള മില്ലുകൾ മുഖാന്തിരം അരിയാക്കി (CMR- Custom Milled Rice) പൊതുവിതരണ സംവിധാനത്തിലൂടെ (റേഷൻകട) വിതരണം ചെയ്യുന്നു. നെല്ല് സംഭരണത്തിനുള്ള കേന്ദ്രസർക്കാരിന്റെ താങ്ങുവില (MSP-Minimum Support Price) എല്ലാ സീസണുകളിലും അഗ്രിക്കൾച്ചർ കോസ്റ്റ് & പ്രൈസ് കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരാണ് പ്രഖ്യാപിക്കുന്നത്. ഇതോടൊപ്പം സംസ്ഥാന സർക്കാർ നൽകുന്ന സംസ്ഥാന പ്രോത്സാഹന ബോണസ് (SIB-State Incentive Bonus) കൂടി ചേർത്തിട്ടാണ് കേരളത്തിലെ നെല്ലിന്റെ സംഭരണവില സംസ്ഥാന സർക്കാർ പ്രഖ്യാപിക്കുന്നത്.<br><br>2024-25 സീസണിൽ നെല്ല് സംഭരണത്തിനുള്ള കേന്ദ്ര താങ്ങുവില (MSP) ഒരു കിലോ നെല്ലിന് 23.00 രൂപയും സംസ്ഥാന പ്രോത്സാഹന ബോണസ്(SIB) 5.20 രൂപയും, 0.12 രൂപ നിരക്കിൽ കൈകാര്യ ചെലവും ഉൾപ്പെടെ നെല്ലിന്റെ കർഷകർക്കുള്ള സംഭരണ വില 28.32 രൂപ/kg ആണ്. |
| (ബി) | പ്രസ്തുത നിർദ്ദേശ പ്രകാരം സംസ്ഥാന സർക്കാർ ഏറ്റവും അവസാനമായി താങ്ങുവില വർദ്ധിപ്പിച്ചത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ; | (ബി) | കേന്ദ്ര സർക്കാരാണ് നെല്ലിന്റെ താങ്ങുവില പ്രഖ്യാപിക്കുന്നത്. 2024-25 സീസണിൽ നെല്ല് സംഭരണത്തിനുള്ള കേന്ദ്ര താങ്ങുവില (MSP) ഒരു കിലോ നെല്ലിന് 23.00 രൂപയും സംസ്ഥാന പ്രോത്സാഹന ബോണസ്(SIB) 5.20 രൂപയും, 0.12 |

| | | | |
|---|---|---|---|
| | | | രൂപ നിരക്കിൽ കൈകാര്യ ചെലവും ഉൾപ്പെടെ നെല്ലിന്റെ കർഷകർക്കുള്ള സംഭരണ വില 28.32 രൂപ/kg ആണ്. സംസ്ഥാനത്തെ നെൽകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായിട്ടാണ് സംസ്ഥാന സർക്കാർ സംസ്ഥാന പ്രോത്സാഹന ബോണസ്(SIB) നൽകിവരുന്നത്. |
| (സി) | താങ്ങുവില വർദ്ധിപ്പിക്കുന്ന നടപടി നിർത്തിവെച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | കേന്ദ്ര സർക്കാരാണ് നെല്ലിന്റെ താങ്ങുവില പ്രഖ്യാപിക്കുന്നത്. 2024-25 സീസണിൽ നെല്ല് സംഭരണത്തിനുള്ള കേന്ദ്ര താങ്ങുവില (MSP) ഒരു കിലോ നെല്ലിന് 23.00 രൂപയും സംസ്ഥാന പ്രോത്സാഹന ബോണസ്(SIB) 5.20 രൂപയും, 0.12 രൂപ നിരക്കിൽ കൈകാര്യ ചെലവും ഉൾപ്പെടെ നെല്ലിന്റെ കർഷകർക്കുള്ള സംഭരണ വില 28.32 രൂപ/kg ആണ്. സംസ്ഥാനത്തെ നെൽകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായിട്ടാണ് സംസ്ഥാന സർക്കാർ സംസ്ഥാന പ്രോത്സാഹന ബോണസ്(SIB) നൽകിവരുന്നത്. |
| (ഡി) | എങ്കിൽ എന്നുമുതലാണ് നിർത്തിവെച്ചതെന്നും എന്തുകൊണ്ടാണ് താങ്ങുവില വർദ്ധിപ്പിക്കാത്തതെന്നും നിർത്തിവെച്ച വർദ്ധന എപ്പോൾ പുനരാരംഭിക്കുമെന്നും വിശദമാക്കുമോ? | (ഡി) | (സി) പിരിവിൽ കാണാവുന്നതാണ്. |

സെക്ഷൻ ഓഫീസർ